**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4884** **11-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; | (എ) | അറ്റാച്ച് ചെയ്തിരിക്കുന്നു |
| (ബി) | നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് പുതുതായി എസ്.പി.സി. തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ; | (ബി) | അറ്റാച്ച് ചെയ്തിരിക്കുന്നു |
| (സി) | എയിഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് ഒരുക്കേണ്ട സൗകര്യങ്ങളും ഒടുക്കേണ്ട തുകയും എത്രയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഇളവുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പുതുതായി എസ്.പി.സി പദ്ധതി ആരംഭിക്കുന്നതിന് രണ്ട് അദ്ധ്യാപകരെ എസ്.പി.സി പദ്ധതി നയിക്കുന്നതിന് സ്കൂളുകളിൽ നിയോഗിക്കേണ്ടതും, ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളിൽ അദ്ധ്യാപകരിൽ ഒരാൾ വനിത ആയിരിക്കണം. കായിക ക്ഷമതാ പരിശീലനത്തിന് ഗ്രൗണ്ട്, എസ്.പി.സി ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.ടി.ഡ്രസ്സ് എന്നിവ മാറാനുള്ള സൗകര്യം (ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളിൽ പ്രത്യേകം മുറി) എന്നീ മാനദണ്ഡങ്ങളാണ് എസ്.പി.സി പദ്ധതി ആരംഭിക്കുന്നതിനായി നിലവിലുള്ളത്. പദ്ധതിയുടെ ആദ്യഘട്ടങ്ങളിൽ 2014 - 15 ൽ ഒരു സ്കൂളിൽ ജൂനിയർ, സീനിയർ എന്ന വിഭാഗങ്ങളിലായി രണ്ട് വർഷം പദ്ധതി നടത്തുവാനാവശ്യമായ ഏറ്റവും കുറഞ്ഞ തുക 5 ലക്ഷം രൂപയായി നിജപ്പെടുത്തുകയും ഈ തുക ബന്ധപ്പെട്ട സ്കൂളുകൾക്ക് സ്വന്തം നിലയിൽ കണ്ടെത്തുവാൻ കഴിയുകയാണെങ്കിൽ അത് പദ്ധതിയുടെ ദൈനംദിന നടത്തിപ്പ് ചെലവുകൾക്ക് ഉപയുക്തമാകുന്ന രീതിയിൽ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിൽ അതാത് സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെയും സ്കൂൾ നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രദേശത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെയും (പി.എസ്.എൽ.ഒ) പേരിൽ നിക്ഷേപിച്ച് ചെലവഴിക്കുവാൻ 2014 ലെ സംസ്ഥാനതല ഉപദേശകസമിതിയുടെ തീരുമാനമുണ്ടായിരുന്നു. സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധത അറിയിച്ച എയ്ഡഡ് സ്കൂളുകൾക്കാണ് SPC യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്. |
| (ഡി) | മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന മലയോര വനപ്രദേശമെന്ന നിലയിൽ നിലമ്പൂർ മണ്ഡലത്തിലെ കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. ആരംഭിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ? | (ഡി) | മാവോയിസ്റ്റ് ഭീഷണി നേരിടുന്ന മേഖലക്ക് പ്രത്യേക പരിഗണന നൽകിയല്ല സ്റ്റുഡന്റ് കേഡറ്റ് പോലീസ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് എന്നാൽ പൗരബോധവും, ലക്ഷ്യബോധവും, സാമൂഹിക പ്രതിബദ്ധതയും സേവന സന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി രൂപീകരിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അർഹതയുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്ന കാര്യം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

( ഇ ) നിലമ്പൂർ മണ്ഡലത്തിൽ എസ്.പി.സി പദ്ധതി നിലവിലുള്ള സ്കൂളുകളുടെ തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| Sl. No | Name of School | Panchayath | Type of School (Govt./ Aided/ Unaided | SPC Wing (HS/ HSS) |
|---|---|---|---|---|
| 1 | GHSS Moothedath | Moothedam Panchayath | Govt. | HS |
| 2 | GHSS Pookkottumpadam | Amarambalam Panchayath | Govt. | HS |
| 3 | GMV HSS Nilambur | Nilambur Municipality | Govt. | HS |
| 4 | Indira Gandhi Memorial Model Residential School, Nilambur | Nilambur Municipality | Govt. | HS |
| 5 | Narokkavu HSS Narokkavu | Vazhikkadavu Panchayath | Aided | HS |
| 6 | SV HSS Palemad | Edakkara Panchayath | Aided | HS |
| 7 | GHSS Edakkara | Edakkara Panchayath | Govt. | HS |
| 8 | GHSS Munderi | Pothukal Panchayath | Govt. | HS |
| 9 | GHSS Marutha | Vazhikkadavu Panchayath | Govt. | HS |

സെക്ഷൻ ഓഫീസർ

( ബി ) നിലമ്പൂർ മണ്ഡലത്തിൽ നിന്നും പുതുതായി എസ്.പി.സി പദ്ധതി തുടങ്ങുന്നതിന് അപേക്ഷ ലഭ്യമായ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Name of School | Wing | Type of School Govt/Aided/ Unaided) |
|---|---|---|---|
| 1 | MPMHSS Chungathara | HS | Aided |
| 2 | SVHSS Palemad | HSS | Aided |
| 3 | MSNSSHSS Chakkalakuth | HS | Aided |
| 4 | GMHSS Nilambur | HSS | Govt. |
| 5 | Nirmala HSS, Erumamunda | HS | Aided |
| 6 | CHSS, Pothukal | HS | Aided |
| 7 | CKHSS Manimooly | HS | Aided |

എസ്.പി.സി പദ്ധതി അനുവദിക്കുന്നതിനായി ലഭ്യമായ അപേക്ഷകളിന്മേൽ, പദ്ധതി നടത്തിപ്പിനുള്ള സൗകര്യങ്ങൾ ഈ സ്കൂളുകളിൽ ലഭ്യമാണോ എന്ന പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതാണ്

നോഡൽ ഓഫീസർ